"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ്- കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് 2025 വർഷത്തെ ഡയറി/ വാണിജ്യ ഗൈഡ് അച്ചടിച്ച് ഉപയോഗിക്കുന്നതിന് അനുമതി നൽകുന്നു - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.1040/2024/ID തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. 15.06.2021 ലെ സ.ഉ(സാധാ)നം.2204/2021/പൊ.ഭ.വ.
2. 30.10.2023 ലെ സ.ഉ(സാധാ)നം.1110/2023/വ്യവ.
3. ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 18.10.2024 ലെ HR/G1/1749 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സ്വന്തമായി ഡയറി, കലണ്ടർ ദിനസ്മരണ, കോഫീ ടേബിൾ ബുക്കുകൾ അച്ചടിക്കാൻ പാടുള്ളതല്ലായെന്നും, ടി സ്ഥാപനങ്ങൾ ഡയറി, കലണ്ടർ ദിനസ്മരണ മുതലായവ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിച്ച് ജീവനക്കാർക്കും മറ്റുള്ളവർക്കും ലഭ്യമാക്കാവുന്നതാണെന്നും സർക്കാർ ഉത്തരവായിരുന്നു.

2. വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനത്തിനകത്തും പുറത്തും മത്സരാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ വിപണനം നടത്തുന്ന സ്ഥാപനങ്ങളായതിനാൽ ഉല്പന്നങ്ങളുടെ വിപണനം, നിരക്കുകൾ മറ്റ് വിശദാംശങ്ങൾ എന്നിവ സ്റ്റോക്കിസ്റ്റുകൾക്കും, ഉപഭോക്താക്കൾക്കും എത്തിക്കുന്നതിനുള്ള മുഖ്യ ഉപാധിയെന്നത് സ്ഥാപനങ്ങൾ എല്ലാ വർഷവും പുറത്തിറക്കുന്ന ഡയറി / വാണിജ്യ ഗൈഡ് ആണ്. വ്യവസായ വകുപ്പിന് കീഴിലെ പൊതുമേഖല സ്ഥാപനങ്ങളായ ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്ക് അവ ലാഭകരമായി പ്രവർത്തിക്കുന്നത് പരിഗണിച്ചും സ്ഥാപനങ്ങളെ മത്സരക്ഷമതയോടെ നിലനിർത്തുന്നതിന് ഡയറിയും മറ്റ് തരത്തിലുള്ള പരസ്യ ഉപാധികളും അനിവാര്യമാണ് എന്നത് പരിഗണിച്ചും സർക്കാർ ധനസഹായം ഉപയോഗിക്കാതെയും, വാണിജ്യ വിപണനത്തിന് പരസ്യ ഉപാധിയാക്കി ഉപയോഗിക്കാവുന്ന തരത്തിലും പരിമിതമായ തോതിൽ 2024 വർഷത്തെ ഡയറി അച്ചടിച്ച് ഉപയോഗിക്കുന്നതിന് പരാമർശം (2) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.

3. 2025 വർഷത്തെ ഡയറി അച്ചടിക്കുന്നതിന് അനുമതി നൽകണമെന്ന് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളായ ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ ലാഭകരമായി പ്രവർത്തിക്കുന്നത് പരിഗണിച്ച് പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം ഉപയോഗിക്കാതെ, വാണിജ്യ വിപണനത്തിന് പരസ്യ ഉപാധിയാക്കി ഉപയോഗിക്കാവുന്ന തരത്തിൽ പരിമിതമായ തോതിൽ 2025 വർഷത്തെ ഡയറി / വാണിജ്യ ഗൈഡ് അച്ചടിച്ച് ഉപയോഗിക്കുന്നതിന് പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥയിൽ ൽ ഇളവ് നൽകികൊണ്ട് അനുമതി നൽകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത്കുമാർ എ
അണ്ടർ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, ദി ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, എറണാകുളം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E & RSA/G & SSA), തിരുവനന്തപുരം.
പൊതുഭരണ (ഏകോപനം) വകുപ്പ്
വ്യവസായ (ഡി / ജെ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shylesh P V
Date: 26-10-2024 13:18:46
സെക്ഷൻ ഓഫീസർ